പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 961 — 03.12.2014 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ.-കളിൽ വെർച്ച്വൽ ക്ലാസ്റൂം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി :<br>ശ്രീ. എ.റ്റി. ജോർജ്ജ് :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. ഹൈബി ഈഡൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ കളിൽ വെർച്ച്വൽ ക്ലാസ്റൂം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. 34 സർക്കാർ ഐ.ടി.ഐ. കളിൽ വെർച്ച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) വെർച്ച്വൽ ക്ലാസ് റൂമിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) വിവരസാങ്കേതിക വിദ്യയിലൂന്നിയ ഇലക്ട്രോണിക് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് വെർച്ച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദഗ്ധപരിശീലകന്റെ സഹായത്തോടെ ഒരു വർക്ക്ഷോപ്പിലോ, ഒരു ക്ലാസ്സ് മുറിയിലോ നൽകുന്ന പരിശീലനം വിവരസാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഐ.ടി.ഐ. കളിൽ ഒരേ സമയം ഫലപ്രദമായി ഉപയുക്തമാക്കാൻ ഈ സാങ്കേതിക വിദ്യമൂലം സാധിക്കുന്നു. ഇതിനോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടും. കൂടാതെ പരിശീലകന്റെ അഭാവം മൂലം പരിശീലനം തടസ്സപ്പെടുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കാനും സാധിക്കും. |
| (സി) വെർച്ച്വൽ ക്ലാസ് റൂമിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത് ; | (സി) ഇതിനായി ആധുനിക വിവര സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്. കമ്പ്യൂട്ടർ, സിമെട്രിക് ഇന്റർനെറ്റ് കണക്ഷൻ, എൽ.സി.ഡി. പ്രൊജക്ടർ, ക്യാമറ, മൈക്ക് എന്നീ ഉപകരണങ്ങൾ ഇതിൽ ഉൾപ്പെടുന്നു. |

| | |
|---|---|
| (ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ; വിശദമാക്കുമോ ? | (ഡി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) മുഖേനയാണ് വെർച്ച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കുന്നത്. ബി.എസ്.എൻ. എൽ.-ന്റെ സേവനം ഇന്റർനെറ്റ് കണക്ടിവിറ്റിക്കായി ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ